**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3214** **04-08-2021 - ൽ മറുപടിയ്ക്ക്**

**ഭക്ഷണത്തിൽ മായം ചേർക്കുന്നത് തടയാൻ നിയമ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യ-ഭക്ഷണ സാധനങ്ങളിൽ മായം ചേർക്കുന്നതും പഴകിയ ഭക്ഷണ സാധനങ്ങൾ വിൽക്കുന്നതും തടയുന്നതിന് നിലവിലെ നിയമങ്ങൾ പര്യാപ്തമാണോ; വിശദാംശങ്ങൾ നൽകാമോ; | (എ) | ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, 2006, റൂൾസ് ആന്റ് റെഗുലേഷൻസ് 2011 പ്രകാരമാണ് ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതും പഴകിയ ഭക്ഷണ പദാർത്ഥങ്ങൾ വിൽക്കുന്നതും തടയുന്നതിന് നടപടികൾ സ്വീകരിക്കുന്നത്. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, 2006 എന്നത് കേന്ദ്ര നിയമമായതിനാൽ സംസ്ഥാന സർക്കാരിന് നിയമം നടപ്പിലാക്കുക എന്നതിലുപരി ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള അധികാരമില്ല. ടി നിയമത്തിലെ സെക്ഷൻ 26,27 പ്രകാരം ഗുണനിലവാരം കുറഞ്ഞതോ (Substandard) ആരോഗ്യത്തിന് ഏതെ ങ്കിലും തരത്തിൽ ഹാനികരമായതോ (Unsafe) ആയിട്ടുള്ള ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനം, സംഭരണം, വിതരണം, വിൽപ്പന എന്നിവ നടത്താൻ പാടില്ലാത്തതാകുന്നു. സെക്ഷൻ-51 പ്രകാരം വൃത്തിഹീനമായ സാഹചര്യത്തിൽ ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്നത് ഒരു ലക്ഷം രൂപ വരെ പിഴലഭിയ്ക്കാവുന്ന കുറ്റകൃത്യമാണ്. ആരോഗ്യത്തിന് ഹാനികര മാവുന്ന ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനം, സംഭരണം, വിതരണം, വിൽപ്പന എന്നിവ കുറ്റകൃത്യത്തിന്റെ തീവ്രത അനുസരിച്ച് പരമാവധി ജീവപര്യന്തം വരെയും 10 ലക്ഷം രൂപ വരെ പിഴയും ലഭിയ്ക്കാവുന്ന കുറ്റകൃത്യമാണ്. സെക്ഷൻ-51 പ്രകാരം ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനം സംഭരണം വിൽപ്പന, വിതരണം എന്നീ പ്രവർത്തി കൾക്ക് പരമാവധി 5 ലക്ഷം രൂപ വരെ പിഴ ലഭിക്കാവുന്ന കുറ്റകൃത്യമാണ്. |
| (ബി) | ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിന് മധ്യപ്രദേശ് സർക്കാർ ഈ അടുത്ത കാലത്ത് നടപ്പിലാക്കിയ നിയമ ഭേദഗതികൾ സംസ്ഥാനത്തും നടപ്പിലാക്കാമോ? | (ബി) | ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, 2006 എന്നത് കേന്ദ്ര നിയമമായതിനാൽ സംസ്ഥാന സർക്കാരിന് നിയമം നടപ്പിലാക്കുക എന്നതിലുപരി ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള അധികാരം കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ